**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2302** **12-10-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മേൽനോട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുധനവിനിയോഗ സമ്പ്രദായം വഴി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മേൽനോട്ടം കേന്ദ്രസർക്കാരിലേക്ക് നിക്ഷിപ്തമാക്കുന്നതിന് കേന്ദ്രം തീരുമാനിക്കുകയുണ്ടായോ; വ്യക്തമാക്കുമോ; | (എ) | കേന്ദ്രസർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിന് PFMS സംവിധാനം സംസ്ഥാനത്തിൽ നടപ്പിലാക്കി വരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനവും കേന്ദ്രസർക്കാരിന്റെ ഈ സംവിധാനം ട്രഷറി വകുപ്പുമായി സംയോജിച്ച് നടപ്പിലാക്കിവരികയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട്, റിലീസ് വിനിയോഗം എന്നിവ പൂർണ്ണമായും Single Nodal Account സംവിധാനത്തിലും PFMS പോർട്ടൽ മുഖേനയും നടപ്പിലാക്കണമെന്ന് 2021 മാർച്ചിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. ഈ പരിഷ്കരിച്ച സംവിധാനത്തിലൂടെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കൃത്യമായ നിരീക്ഷണം കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്ക് നടത്താവുന്നതാണ്. Single Nodal Account, മറ്റ് നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകൾ എന്നിവയിലെ നീക്കിയിരിപ്പ്, ചെലവഴിക്കൽ ശതമാനം തുടങ്ങിയവ വിലയിരുത്തി മാത്രമേ തുടർ റിലീസുകൾ നൽകുകയുള്ളൂവെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഇതിൻപ്രകാരം, റിലീസുകളുടെ കൃത്യമായ ചെലവഴിക്കൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി നടത്തി തുടർ റിലീസുകൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ വിവിധ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. |
| (ബി) | പി.എഫ്.എം.എസ്.ന്റെ മാനദണ്ഡങ്ങൾ പ്രകാരം പ്രവർത്തിച്ചാൽ മാത്രമേ കേന്ദ്ര പദ്ധതികളുടെ ആനുകൂല്യങ്ങളും മറ്റും സംസ്ഥാനത്തിന് ലഭ്യമാകുകയുള്ളൂ എന്ന് കേന്ദ്രസർക്കാർ അറിയിക്കുകയുണ്ടായോ; വ്യക്തമാക്കുമോ; | (ബി) | കേന്ദ്രസർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിന് PFMS സംവിധാനം സംസ്ഥാനത്തിൽ നടപ്പിലാക്കി വരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനവും കേന്ദ്രസർക്കാരിന്റെ ഈ സംവിധാനം ട്രഷറി വകുപ്പുമായി സംയോജിച്ച് |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിവരികയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട്, റിലീസ് വിനിയോഗം എന്നിവ പൂർണ്ണമായും Single Nodal Account സംവിധാനത്തിലും PFMS പോർട്ടൽ മുഖേനയും നടപ്പിലാക്കണമെന്ന് 2021 മാർച്ചിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. ഈ പരിഷ്കരിച്ച സംവിധാനത്തിലൂടെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കൃത്യമായ നിരീക്ഷണം കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്ക് നടത്താവുന്നതാണ്. Single Nodal Account, മറ്റ് നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകൾ എന്നിവയിലെ നീക്കിയിരിപ്പ്, ചെലവഴിക്കൽ ശതമാനം തുടങ്ങിയവ വിലയിരുത്തി മാത്രമേ തുടർ റിലീസുകൾ നൽകുകയുള്ളൂവെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഇതിൻപ്രകാരം, റിലീസുകളുടെ കൃത്യമായ ചെലവഴിക്കൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി നടത്തി തുടർ റിലീസുകൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ വിവിധ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. |
| (സി) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിനിയോഗം സംബന്ധിച്ച കണക്കുകൾ പി.എഫ്.എം.എസ് പോർട്ടലായ ഇ- ഗ്രാമസ്വരാജ് മുഖേന പൂർത്തിയാക്കാൻ കേന്ദ്ര ധനമന്ത്രാലയം മുന്നറിയിപ്പ് നൽകുകയുണ്ടായോ; വ്യക്തമാക്കുമോ; | (സി) | ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കുള്ള കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗമാണ് ഇ-ഗ്രാമസ്വരാജ് മുഖേന നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. |
| (ഡി) | ഈ സാമ്പത്തിക വർഷത്തിൽ തന്നെ ഇത് നടപ്പിലാക്കുമോ; എങ്കിൽ ഇത് നടപ്പിലാക്കുന്നതിലൂടെ സംസ്ഥാന സർക്കാരുകൾക്ക് പദ്ധതികളുടെ നടത്തിപ്പിലുണ്ടായിരുന്ന അധികാരം നഷ്ടമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | കേന്ദ്ര സർക്കാർ നടപ്പിലാക്കിയ Single Nodal Account സംവിധാനത്തിലേയ്ക്ക് കേന്ദ്രാവിഷ്കൃത പദ്ധതികളെ മാറ്റുന്ന പ്രക്രിയ തുടർന്നു വരുന്നു. ഈ പരിഷ്കരണം സംസ്ഥാന സർക്കാരുകൾക്ക് പദ്ധതി നടത്തിപ്പിൽ ഉണ്ടായിരുന്ന അധികാരങ്ങൾക്ക് യാതൊരു നഷ്ടവും ഉണ്ടാക്കുന്നില്ല മറിച്ച് പദ്ധതി നിർവ്വഹണം കൂടുതൽ സുതാര്യവും സുഗമവുമായി മാറ്റുമെന്നാണ് വിലയിരുത്തപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ